ക്കോടതി മുമ്പു പുറപ്പെടുവിച്ച (ജിന്നാസഹോദരർ ഷിയകളായിരുന്നു എന്ന) വിധി ഇതോടെ റദ്ദായിരിക്കുന്നു. മി. ജിന്ന ഷിയയോ സുന്നിയോ ആയിരുന്നില്ല. ഖുർ—ആനെയും പ്രവാചകനെയും പിന്തുടരുന്ന കേവലമുസ്ലീം ആയിരുന്നു.

പക്ഷേ, മിസ് ഫാത്തിമ ജിന്നയുടെ മതവിശ്വാസം എന്തായിരുന്നുവെന്ന് തീരുമാനിക്കാനും, അതിൻെറ അടിസ്ഥാനത്തിൽ ജിന്നമാരുടെ സ്വത്തുക്കരം ആര് ഭരിക്കണമെന്ന നിശ്ചയിക്കുവാനുമുള്ള അവകാശം സിന്ധ് ഹൈക്കോടതിയിൽ ഈ കേസ് ആദ്യം വിചാരണ ചെയ്ത ജഡ്ജിക്കുതന്നെ വിട്ടുകൊടുക്കുകയാണ ഡിവിഷൻബെഞ്ച് ചെയ്തിട്ടുള്ളത്. കക്ഷികരംക്ക് ഇക്കാര്യത്തിൽ, വേണമെങ്കിൽ, കൂടുതൽ തെളിവുകരം ഹാജരാക്കാവുന്നതാണ്.

(9 ജൂൺ, 1985)

# 52. ബൃഹദീശ്വരമാഹാത്മ്യം

അത്ഭുതങ്ങളുടെ കാലം അവസാനിച്ചിട്ടൊന്നുമില്ല. ഐതിഹ്യങ്ങളാണെങ്കിൽ, നാരംക്കുനാരം പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇന്ത്യ ഭരിച്ച ചക്രവർത്തിമാരിൽ, പലതുകൊണ്ടും പ്രമുഖനായിരുന്നു രാജരാജചോളൻ. ഇന്ത്യാസമുദ്രത്തിൽ ഇന്ത്യൻ കടൽപ്പട ആധിപത്യം പുലർത്തിയതു് രാജരാജചോളൻെറ കാലത്താണ്. ഇന്ത്യാക്കാർ വലിയതോതിൽ ശ്രീലങ്ക, ഇൻഡോനേഷ്യ, മലയ, കമ്പൂച്ചിയ, തായ്ലൻഡ് മുതലായ ദക്ഷിണപൂർവപ്രദേശങ്ങളിൽ കടിയേറിപ്പാർത്തതും അക്കാലത്തുതന്നെ. ഇന്ത്യയ്ക്കാകെയും തമിഴ്നാടിനു പ്രത്യേകിച്ചും, അഭിമാനപുരസ്സരം ഓർമിക്കാവുന്ന ഒരു ഭരണാധികാരിയാണ് രാജരാജചോള ചക്രവർത്തി.

രാജരാജൻെറ കിരീടധാരണത്തിൻെറ ആയിരാമതു വാർഷികം ഗംഭീരമായി ആഘോഷിക്കാൻ തമിഴ്നാട് ഗവണ്മെൻറ് തീരുമാനിച്ചതിൽ ആശ്ചര്യമൊന്നുമില്ല, ഇക്കഴിഞ്ഞ 1984 ഒക്ടോബർ മാസത്തിൽ ഈ മഹോത്സവം നടത്താനാണ് ഉദ്ദേശിച്ചിരുന്നതു്.

രാജരാജചോളൻ നിർമിച്ചതാണ് തഞ്ചാവൂരിലെ സുപ്രസിദ്ധമായ ബൃഹദീശ്വര ക്ഷേത്രം. ഇന്ത്യയിലെ ക്ഷേത്രങ്ങളിൽ ഏററവും പുകഴ് പെററ ഒന്നാണിതു്. ഈ ക്ഷേത്രത്തിലുള്ളത്ര വലിയ ശിവലിംഗം വേറെയെങ്ങും ഉണ്ടെന്നു തോന്നുന്നില്ല. പ്രതിഷ്ഠയുടെ വലിപ്പം നിമിത്തമാണ് ക്ഷേത്രത്തിനു് 'ബൃഹദീശ്വരക്ഷേത്രം' എന്ന പേർ വന്നതു്. മണ്ഡപത്തിലുള്ള നന്ദിയുടെ (വൃഷഭവാഹനത്തിൻെറ) വിഗ്രഹവും 'ബൃഹത്തു' തന്നെ വലിയ ശ്രീകോവിലിൻെറ നിർമാണചാതുര്യം നിമിത്തം ഉച്ചയ്ക്ക് അതിൻെറ നിഴൽ നിലത്തുവീഴുകയില്ലത്രെ!

പ്രാചീനതയും ശില്പപ്രാധാന്യവും പരിഗണിച്ച്, ഈ ക്ഷേത്രം ഇന്ത്യാഗവണ്മെൻറിൻെറ പുരാതത്വവകുപ്പ് സ്വന്തം സംരക്ഷണത്തിൽ ഏറെറടുത്തിരിക്കുകയാണ്.

രാജരാജൻെറ കിരീടധാരണ സഹസ്രാബ്ദഘോഷത്തെപ്പററി ആലോചന തുടങ്ങിയകാലത്തു് തമിഴ്നാട്ടിലെ മുഖ്യമന്ത്രി കലൈഞർ കരുണാനിധിയായിരുന്നു. ബൃഹദീശ്വരക്ഷേത്രത്തിൻെറ വിശാലമായ മതിൽക്കെട്ടിനുള്ളിൽ മനോഹരമായ ഒരു മണ്ഡപം നിർമിച്ച്, അതിൽ രാജ

രാജചോളന്റെ ഒരു പ്രതിമ സ്ഥാപിക്കണമെന്ന് ശ്രീ കരുണാനിധി നിർദേശിച്ചു. പത്തു വർഷംമുമ്പാണ് ഈ നിർദേശമുണ്ടായതു്.

കേന്ദ്രഗവണ്മെന്റ് ഈ നിർദേശത്തെ അനുകൂലിച്ചില്ല. ഒരു പുരാതന നിർമാണമാണ് തഞ്ചാവൂർ ബൃഹദീശ്വരക്ഷേത്രം. അതു് അതേപടി സംരക്ഷിക്കുകയല്ലാതെ, അതിൽ ഏച്ചുകെട്ടുകളും വെട്ടിക്കുറവുകളും വരുത്തിക്കൂടാ. മാററം വരുത്തിയാൽപ്പിന്നെ അതെങ്ങനെ ഒരു പുരാവസ്തു ആവും? അതിനാൽ മതിൽക്കകത്തു മണ്ഡപം നിർമിച്ച് രാജരാജപ്രതിമ സ്ഥാപിക്കാൻ അനുവാദം കേന്ദ്രഗവണ്മെന്റ് നിഷേധിച്ചു. മുഖ്യമന്ത്രി കലൈഞർ കരുണാനിധിയെ ഈ നിഷേധം ചൊടിപ്പിച്ചു എന്നു പറയേണ്ടതില്ല.

ബൃഹദീശ്വരക്ഷേത്രത്തിനകത്ത് 'വാരാഹി' എന്ന ദേവിയുടെ സാന്നിദ്ധ്യം പണ്ടുതന്നെ ഉണ്ടായിരുന്നുവത്രെ. ഈ ദേവിക്കുവേണ്ടി ഒരു ചെറിയ മണ്ഡപം നിർമിക്കുവാനും, അതിൽ ദേവിയുടെ വിഗ്രഹം പ്രതിഷ്ഠിക്കാനുമുള്ള നിർദേശം, ക്ഷേത്രത്തിലെ പുരോഹിതർ മുമ്പുതന്നെ ഉന്നയിച്ചിരുന്നു. ഈ നിർദേശത്തെ കേന്ദ്രഗവണ്മെന്റ് എതിർത്തില്ല. മതകാര്യമല്ലേ? അതിൽ സർക്കാർ കൈയിട്ടുകൂടല്ലോ, അതിനാൽ മണ്ഡപത്തിന്റെ നിർമാണപ്രവർത്തനം നടന്നുകൊണ്ടിരിക്കുകയായിരുന്നു.

'രാജരാജചോള ചക്രവർത്തിക്കുവേണ്ടി ഒരു മണ്ഡപം ബൃഹദീശ്വരക്ഷേത്രത്തിൽ പണിയാൻ വയ്യെങ്കിൽ, വാരാഹി അമ്മനുവേണ്ടി ഒരു മണ്ഡപം അവിടെ ഉണ്ടാക്കാമോ? അതിനു മാത്രമാണോ നിയമമുള്ളതു?' എന്ന് മുഖ്യമന്ത്രി കരുണാധി കേന്ദ്രഗവണ്മെന്റിന് എഴുതി.

കാര്യം ശരിയാണല്ലോ. പുതിയ നിർമാണം എങ്ങനെ ഒരു പുരാവസ്തുവിനകത്ത് അനുവദിക്കും? വാരാഹിദേവിയുടെ മണ്ഡപം, പണിതിടത്തോളം, പൊളിച്ചു കളയാൻ കേന്ദ്രസർക്കാർ കല്പിച്ചു. കല്പന യഥാസമയം നടപ്പിൽ വരികയും ചെയ്തു.

കരുണാനിധിയുടെ മന്ത്രിസഭ പല പ്രശ്നങ്ങളെ നേരിടാൻ തുടങ്ങിയതു് ഇക്കാലത്താണ്. തുടന്ന് ആ മന്ത്രിസഭ ഡിസ്മിസ് ചെയ്യപ്പെട്ടു. തഞ്ചാവൂർ ബൃഹദീശ്വരക്ഷേത്രത്തിലെ വാരാഹിമണ്ഡപം ഇടിച്ചു തകത്ത അതേദിവസമാണ് കരുണാനിധി മന്ത്രിസഭ അധികാരത്തിൽനിന്നു പുറം തള്ളപ്പെട്ടതു്!

അടിയന്തിരാവസ്ഥകഴിഞ്ഞ് നടന്ന തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തോററുപോയതു് ഇതിനുശേഷമായിരുന്നു. വാരാഹിയുടെ മണ്ഡപം പൊളിച്ചുകളയാൻ ഉത്തരവിട്ടതു് ഇന്ദിരാഗാന്ധിയാണല്ലോ. അങ്ങനെ ബൃഹദീശ്വരക്ഷേത്രത്തോടു കളിച്ച രണ്ടു ഭരണാധികാരികൾക്കും ഉടൻ ശിക്ഷകിട്ടി.

ഇതെല്ലാം കഴിഞ്ഞ്, 1984 ഒക്ടോബറിൽ രാജരാജചോള ചക്രവത്തിയുടെ കിരീടധാരണത്തിന്റെ ആയിരാമത്തു് വാർഷികം തഞ്ചാവൂരിൽ നടന്നപ്പോൾ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ എം. ജി. രാമചന്ദ്രനായിരുന്നു.

രാജരാജചോളന്റെ വെങ്കലപ്രതിമ ബൃഹദീശ്വരക്ഷേത്രത്തിൽ പഴയകാലത്തുതന്നെ പ്രതിഷ്ഠിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ ശൈവക്ഷേത്രങ്ങളിൽ 'നായന്മാർ' എന്ന അറുപത്തിമൂന്നു ശിവഭക്തരുടെയും വൈഷ്ണവക്ഷേത്രങ്ങളിൽ 'ആഴ്വാർമാർ' എന്ന പന്ത്രണ്ടു വിഷ്ണുഭക്തരുടെയും പ്രതിമകൾ പ്രതിഷ്ഠിച്ചു ഭക്തിപൂർവം ആരാധിക്കുന്ന പതിവുണ്ട്. ഇതേ ഭക്തിയോടെ തഞ്ചാവൂർക്ഷേത്രത്തിൽ രാജരാജന്റെ പ്രതിമയ്ക്കും നിത്യപൂജകൾ നടത്തിവരുന്നു, ആണ്ടുതോറും ഐപ്പശി (ഒക്ടോബർ–നവംബർ) മാസത്തിൽ ചതയനക്ഷത്രത്തിൽ രാജരാജന്റെ പിറന്നാൾ ഉത്സവവും കൊ

ണ്ടാട്ടുന്നുണ്ട്. 1984-ലെ ചതയ-ഉത്സവം രാജരാജന്റെ 998-ാം പിറന്നാളാണെന്നത്രെ ക്ഷേത്രത്തിലെ പുരോഹിതർ കരുതുന്നത്.

രാജരാജൻ പിറന്ന് 998 വർഷം തികയുന്ന ദിവസമാണോ അദ്ദേഹത്തിന്റെ കിരീടധാരണത്തിന്റെ സഹസ്രാബ്ദപൂർത്തി ആഘോഷിക്കേണ്ടതു്? താൻ ജനിക്കുന്നതിനു രണ്ടു വർഷംമുമ്പ് രാജരാജചോളൻ കിരീടം ധരിച്ചുവോ? തമിഴ്നാട് സർക്കാരിനോടു ചോദിക്കേണ്ട ചോദ്യങ്ങളാണിവ. സ്വന്തമായ എന്തോ കാരണങ്ങളാൽ രാജരാജന്റെ ആയിരാമതു കിരീടധാരണ മഹോത്സവം 1984 ഒക്ടോബറിൽ നടത്താൻ തമിഴ്നാട് സർക്കാർ തീരുമാനിച്ചുവെന്നുമാത്രമേ നാം അറിയേണ്ടു.

ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച രാജരാജന്റെ വെങ്കലപ്രതിമ പുറത്തേക്ക് എഴുന്നെള്ളിച്ച്, ഒരു പൊതുയോഗത്തിൽവെച്ച് ആ പ്രതിമയിൽ കിരീടം ധരിപ്പിക്കുകയായിരിക്കണം സഹസ്രാബ്ദാഘോഷത്തിലെ ചടങ്ങ് എന്നു തമിഴ്നാട് ഗവണ്മെന്റ് തീരുമാനിച്ചു. പക്ഷേ, നിത്യപൂജ നടത്തുന്ന വിഗ്രഹം പുറത്തേക്കെടുക്കാൻ പുരോഹിതർ വിസമ്മതിച്ചു. 'എന്നാൽ, ഇരിക്കുന്നയിടത്തുതന്നെവെച്ച് രാജരാജനെ കിരീടം അണിയിച്ചാൽ മതി' എന്ന്, സർക്കാർ അതിന്റെ മുൻനിശ്ചയം തിരുത്തിക്കുറിച്ചു. പ്രതിമയെ കിരീടം ധരിപ്പിക്കുന്നതു് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയായിരിക്കണമെന്ന് സർക്കാർ കരുതി. പുരോഹിതർ ഒഴികെ വേറെ ആരെങ്കിലും ആ പ്രവൃത്തി ചെയ്യുന്നതു ശരിയല്ല' എന്നായിരുന്നു പൂജകരുടെ അഭിപ്രായം. പക്ഷേ, തിരുവാഴ്ക്ക് എതിർവായുണ്ടോ? തങ്ങളുടെ പ്രതിഷേധം അവർ പുറത്തു കാണിച്ചില്ല.

ഈ കിരീടധാരണമഹോത്സവം സംബന്ധിച്ച് തഞ്ചാവൂർക്കു വരുംവഴിക്കാണ് തമിഴ്നാട് മുഖ്യമന്ത്രി ശ്രീ എം. ജി. രാമചന്ദ്രൻ ആദ്യമായി രോഗബാധിതനായതു്. ബൃഹദീശ്വരക്ഷേത്രത്തിൽവെച്ച് അദ്ദേഹത്തിനു കുറച്ചുനേരം ബോധക്കേട് അനുഭവപ്പെടുകയുംചെയ്തു. ഏതാനും ദിവസങ്ങൾക്കകം അദ്ദേഹത്തിന്റെ രോഗം വർദ്ധിച്ചു. ഇതിനെത്തുടർന്നാണ് അദ്ദേഹത്തെ ചികിത്സിക്കാൻ അമേരിക്കയിലേക്കു കൊണ്ടുപോയതു്.

ബൃഹദീശ്വരക്ഷേത്രത്തിൽ 1984-ലെ ചതയ ഉത്സവം നടക്കേണ്ടതു് നവംബർ 3-ാം തീയതി ആയിരുന്നു. ഒക്ടോബർ 31-ാം തീയതിയാണല്ലോ ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതു്. പ്രധാനമന്ത്രിയുടെ മരണം കാരണം ഈ ചതയ-ഉത്സവം നടന്നില്ല. രാജരാജനെ കിരീടമണിയിക്കൽ ഉണ്ടായില്ലെന്നു പ്രത്യേകം പറയേണ്ടതില്ല. കിരീടമണിയിക്കേണ്ട സമയത്തു് ഇന്ദിരാഗാന്ധിയുടെ അന്ത്യയാത്ര നടക്കുകയായിരുന്നു!

ശ്രീ എം. ജി. രാമചന്ദ്രന് ആരോഗ്യം വീണ്ടുകിട്ടുന്നതിനായി ബൃഹദീശ്വരക്ഷേത്രത്തിൽ പ്രത്യേക പൂജകളും മററും പിന്നീടു നടത്തുകയുണ്ടായത്രേ. മരിച്ചവരെ വീണ്ടെടുക്കാൻ പൂജകൾക്കു കഴിയാത്തതിനാൽ, ഇന്ദിരാഗാന്ധിക്കുവേണ്ടി ഇവിടെ പ്രായശ്ചിത്തകർമങ്ങളൊന്നും അനുഷ്ഠിക്കപ്പെട്ടില്ല.

ബൃഹദീശ്വരക്ഷേത്രത്തിൽ ഇതിനുമുമ്പു നവീകരണ കലശം നടന്നപ്പോൾ, പ്രധാന ഗോപുരത്തിൽ കയറി താഴികക്കുടത്തിനുമേൽ അഭിഷേകം നടത്താൻ തന്ത്രിമാർക്കു ഭയമായിരുന്നു. അങ്ങനെ അഭിഷേകം നടത്തുന്നവർ പിന്നീട് അധികകാലം ജീവിച്ചിരിക്കുകയില്ല എന്നായിരുന്നു വിശ്വാസം. ഒടുവിൽ ഒരു ഗുരുക്കൾ (തമിഴ്നാട്ടിലെ ശിവക്ഷേത്രങ്ങളിലെ തന്ത്രിമാരെ 'ഗുരുക്കൾ' എന്നു വിളിക്കുന്നു.) തന്റെ കർത്തവ്യമാണ

ല്ലോ എന്നു കരുതി, ഗോപുരത്തിനു മുകളിൽ കയറി കുംഭാഭിഷേകം നടത്തി. ഒരു മാസത്തിനകം അദ്ദേഹം, പ്രത്യക്ഷമായ യാതൊരു രോഗവുമില്ലാതെ, ഉറക്കത്തിൽ മരിച്ചുപോയത്രെ

ഈ നവീകരണകലശത്തിന്റെ ചുമതല വഹിച്ചതു് ഗംഗപ്പ എന്ന ഒരു കളക്ടറായിരുന്നു. കലശം നടന്നു് ഏറെ താമസിയാതെ അദ്ദേഹം, സർക്കാരുമായുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങളെത്തുടർന്നു്, ഉദ്യോഗം രാജിവെച്ചു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിച്ചു പരാജയമടയേണ്ട ദുര്യോഗവും അദ്ദേഹത്തിനുണ്ടായി.

കളക്ടർ ഗംഗപ്പയെപ്പറ്റി രസകരമായ ചില വിവരങ്ങൾകൂടിയുണ്ടു്. അദ്ദേഹം ഉദ്യോഗത്തിലിരിക്കെയാണു് കുംഭകോണത്തു മഹാമങ്കം (മാമാങ്കം) നടന്നതു്. ഇനിയങ്ങോട്ടു് മഹാമഘങ്ങൾ യഥാകാലം നടത്താൻ ഒരു ട്രസ്റ്റു് രൂപവൽക്കരിക്കുന്നതു നല്ലതാണെന്നു് കളക്ടർ ഗംഗപ്പയ്ക്കു തോന്നി. ട്രസ്റ്റിലേക്കു പണം പിരിക്കുവാൻ അദ്ദേഹം കണ്ട ഉപായം കുറെ പതക്കങ്ങൾ (കാശുകൾ) അടിച്ചു വില്ക്കുക എന്നതാണു്. വെള്ളികൊണ്ടു നിർമിച്ചവയും വെള്ളിക്കുമീതെ തങ്കം പൂശിയവയുമായ ഏതാനും പതക്കങ്ങൾ അദ്ദേഹം കമ്മട്ടത്തിൽ അടിച്ചെടുത്തു; അവ പൊതുജനങ്ങൾക്കു വില്ക്കാൻ തന്റെ കീഴ്ദ്യോഗസ്ഥന്മാരെ ഏല്പിക്കുകയും ചെയ്തു.

സർക്കാർ ഉദ്യോഗസ്ഥനായ കളക്ടർ ഒരു മതകാര്യത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നതു് നാസ്തികരായ ദ്രാവിഡകഴകക്കാർക്കു പിടിച്ചില്ല. കഴകം നേതാവു് ശ്രീ വീരമണി കളക്ടറുടെ ഈ നടപടിക്കെതിരെ കോടതിയിൽ കേസ്സുകൊടുത്തു. അന്നത്തെ തമിഴ്നാടു് സർക്കാരിന്റെ ചീഫ് സെക്രട്ടറി, ഗംഗപ്പയുടെ പതക്കവില്പന നിരോധിക്കുകയും ചെയ്തു.

വില്ക്കാതെ ശേഷിച്ച പതക്കങ്ങൾ എന്തു ചെയ്യും? ഗംഗപ്പ അവയെല്ലാം കോർത്തു മാലയാക്കി തഞ്ചാവൂർ ബൃഹദീശ്വരക്ഷേത്രത്തിലെ പാർവതിയുടെ വിഗ്രഹത്തിൽ ചാർത്തി.

ഏറെ താമസിയാതെ ക്ഷേത്രത്തിൽ കള്ളൻ കടന്നു അർദ്ധരാത്രിയിൽ കാവൽക്കാരനെ പിടിച്ചുകെട്ടി ക്ഷേത്രഭണ്ഡാരത്തിൽ കടന്ന കള്ളൻ അവിടെയുള്ള ഇരുമ്പു സേഫ് തകർത്തപ്പോൾ ആദ്യമായി കണ്ടതു് ഈ തങ്കപ്പതക്കമാലയായിരുന്നു. തനിത്തങ്കമാണെന്നു കരുതി ആ മാലയും ഭണ്ഡാരത്തിലുണ്ടായിരുന്ന കുറെ പണവും എടുത്തു കള്ളൻ സ്ഥലം വിട്ടു. ഭണ്ഡാരത്തിലെ സ്വർണവും രത്നങ്ങളും മറ്റു വിലപിടിച്ച വസ്തുക്കളും അങ്ങനെ രക്ഷപ്പെട്ടു.

താമസിയാതെ പോലീസ് എത്തി. ക്ഷേത്രജീവനക്കാരുടെമേൽ ആയിരുന്നു പോലീസുകാർക്കു്, സ്വാഭാവികമായും സംശയം. ചോദ്യം ഭേദ്യമായി മാറാൻ തുടങ്ങുകയായിരുന്നു.

പെട്ടെന്നു്, ഏതോ ആവേശം ബാധിച്ചമാതിരി ഒരു കോൺസ്റ്റബിൾ എഴുന്നേറ്റുനിന്നു. ആരും സംശയിക്കാതിരുന്ന, ആ പ്രദേശത്തുള്ള ഒരു പ്രസിദ്ധ കള്ളന്റെ പേരു് അയാൾ പറഞ്ഞു.

'എന്തുകൊണ്ടു് നീ അവനെ സംശയിക്കുന്നു?' എന്നു് ഉയർന്ന പോലീസുദ്യോഗസ്ഥൻ ചോദിച്ചു.

'അറിഞ്ഞുകൂടാ. പെട്ടെന്നു് അവന്റെ പേരു് ഓർമവന്നു. അവന്റെമേൽ സംശയവും തോന്നുന്നു' എന്നു് കോൺസ്റ്റബിൾ പറഞ്ഞു.

വിശ്വാസം വന്നില്ലെങ്കിലും, പോലീസ് ഉദ്യോഗസ്ഥൻ ആ കോൺസ്റ്റബിളിനെ ഉടനെ ജീപ്പിൽ കയറ്റി ആ കള്ളന്റെ വീട്ടിലേക്കു് അയച്ചു. കോൺസ്റ്റബിൾ അവിടെ ചെന്നപ്പോൾ കണ്ടതു് കള്ളൻ ക്ഷേത്രത്തിലെ പതക്കമാല കൈയിലെടുത്തു പരിശോധിച്ചുകൊണ്ടിരിക്കുന്നതാണു്.

ക്ഷേത്രത്തിൽ പ്രത്യേകം വഴിപാട്ട കഴിച്ചിട്ടേ പോലീസുകാർ അന്ന് അവിടം വിട്ടപോയുള്ള

അത്ഭുതങ്ങളുടെയും ഐതിഹ്യങ്ങളുടെയും കാലം അവസാനിച്ചു കഴിഞ്ഞുവെന്ന് ഇതൊക്കെ വായിച്ചുകഴിഞ്ഞശേഷവും, നിങ്ങം പറയുമോ?

(10 മാർച്ച്, 1985)

# 53. യക്ഷിയുടെ അനുജത്തിമാർ

ഒന്നരവർഷം നീണ്ടുനില്ക്കുന്ന ഒരു ഭാരതോത്സവം (ഫെസ്റ്റിവൽ ഓഫ് ഇന്ത്യ) അമേരിക്കയുടെ തലസ്ഥാനമായ വാഷിങ്ടണിൽ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ രാജീവഗാന്ധി ജൂൺ 13–ാം തീയതി ഉദ്ഘാടനംചെയ്യുകയുണ്ടായി. ഇന്ത്യയുടെ ചിരപുരാതനമായ ചരിത്രം, കല, സംസ്കാരം എന്നിവയിൽ അമേരിക്കക്കാർക്കു താല്പര്യമുളവാക്കുകയാണ് ഭാരതോത്സവത്തിന്റെ ലക്ഷ്യം.. ഭാരതോത്സവത്തോടനുബന്ധിച്ച് ഇന്ത്യൻ തപാൽ വകുപ്പ് ജൂൺ 13–ാംതീയതി പുറത്തിറക്കിയ ഒരു രൂപ വില വരുന്ന ബഹുവർണസ്റ്റാമ്പ് വായനക്കാരിൽ ചിലരെങ്കിലും ഇതിനകം കണ്ടുകാണും. 'ദീദാർഗഞ്ജ് യക്ഷി' എന്ന പേരിൽ പ്രസിദ്ധമായ ഒരു മാർബിറംപ്രതിമയുടെ ചിത്രമാണ് ഈ സ്റ്റാമ്പിലുള്ളത്.

ബിഹാറിൽ 'ദീദാർഗഞ്ജ്' എന്ന സ്ഥലത്തുനിന്നു ലഭിച്ചതാണ്. ആറടിയോളം ഉയരമുള്ള ഈ സ്ത്രീപ്രതിമ. പട്ന മ്യൂസിയത്തിൽ സംരക്ഷിക്കപ്പെടുന്ന ഈ പ്രതിമ 'ഭാരതോത്സവ'ക്കാലത്തു് അമേരിക്കയിൽ പ്രദർശിപ്പിക്കുന്നുണ്ടു്. വാസ്തവത്തിൽ ഇതൊരു യക്ഷിയുടെ പ്രതിമയല്ല, മനുഷ്യസ്ത്രീയുടെ പ്രതിമയാണ് ചുമലിൽ ഒരു വെൺചാമരവുമായി നിൽക്കുന്ന പ്രൗഢയായ ഒരു സുന്ദരിയുടെ പ്രതിമ.

ഈ പ്രതിമയുടെ ഒരു പകർപ്പ് മദ്രാസ് മ്യൂസിയത്തിലുണ്ട്. എത്രയോ സമയം അതിന്റെ മുമ്പിൽ മിഴിച്ചു നോക്കിനിന്നുകൊണ്ടു് ഞാൻ കഴിച്ചുകൂട്ടിയിട്ടുണ്ട്. ഇതൊരു ഇന്ത്യൻസ്ത്രീയുടെ പ്രതിമയല്ലെന്നും, ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ അതിർത്തികടക്കപ്പുറത്തുണ്ടായിരുന്ന ഏതോ ജനവർഗത്തിൽ പിറന്ന ഒരു സ്ത്രീയാണ് എന്റെ മുമ്പിൽ നിൽക്കുന്നതെന്നും അപ്പോഴൊക്കെ എനിക്കു തോന്നിയിട്ടുമുണ്ടു്.

മദ്ധ്യഭാരതത്തിലുള്ള ഉജ്ജയിനിനഗരത്തിലെ മഹാകാളക്ഷേത്രത്തിൽ, ശീവേലിക്കെഴുന്നള്ളിക്കുന്ന ദേവനു് വെൺചാമരം വീശുക എന്ന സേവ അനുഷ്ഠിക്കുന്ന വേശ്യാസ്ത്രീകളെ കാളിദാസമഹാകവി പരാമർശിച്ചിട്ടുള്ളതു്,'ദീദാർഗഞ്ജ് യക്ഷി'യുടെ മുമ്പിൽ നിൽക്കുമ്പോഴെല്ലാം ഞാൻ ഓർമിച്ചുപോന്നു. പല നിറത്തിൽ വെട്ടിത്തിളങ്ങുന്ന രത്നങ്ങം പിടിയിൽ പതിച്ച കനത്ത ചാമരങ്ങം വിലാസത്തോടെ വീശി കൈ കഴച്ചവരും, അടിവെപ്പിൽ അടിവെപ്പിൽ അരഞ്ഞാൺ കിലുങ്ങുന്നവരുമായ വേശ്യകം എന്നാണ് മഹാകവി അവരെ വർണിക്കുന്നതു്. സ്വർഗ്ഗരാജ്യത്തെ ആക്രമിച്ചു കീഴടക്കിയ താരകാസുരൻ അവിടെനിന്നു തടവുകാരികളായി പിടിച്ചുകൊണ്ടുവന്ന സുന്ദരിമാർ, കണ്ണുനീർ വീണു കുതിർന്ന വെൺചാമരങ്ങംകൊണ്ടു്, തങ്ങളുടെ ദീർഘശ്വാസങ്ങളുമായി ഇടകലന്ന ഇളംകാററു് ഉറങ്ങിക്കിടക്കുന്ന ആ മർദകന്റെ ദേഹത്തിൽ നിരന്തരം തട്ടു